പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5612 | 02.07.2014- ൽ മറുപടിക്ക് |

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലാബ് സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. |
| ബി) | വയനാട് ജില്ലയിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലാണ് ലാബുകൾ ആരംഭിക്കുന്നതെന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | ബി) | പി. എച്ച്. സി മൂപ്പൈനാട്, ചെതലയം എന്നിവിടങ്ങളിലാണ് ലാബുകൾ ആരംഭിക്കുന്നത്. ഇവ യഥാക്രമം കൽപ്പറ്റ, സുൽത്താൻബത്തേരി എന്നീ നിയോജക മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. |
| സി) | പ്രസ്തുത പ്രവർത്തനം ഏതു ഘട്ടംവരെയെത്തിയെന്ന വിശദമാക്കുമോ? | സി) | ലാബ് സജ്ജീകരിക്കുന്നതിന്റെ പ്രാരംഭനടപടികൾ ഏകദേശം അമ്പതോളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിലേക്കാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യാൻ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും, ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്ന മുറയ്ക്ക്, ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ